

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Suresh A R** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/02/2025

1. കേരളത്തിലെ അഗ്രിബിസിനസ്സ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനുമുള്ള ഒരു സംസ്ഥാനതല സംരംഭം എന്ന നിലയിൽ 10000 എഫ്.പി.ഒ മേള കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ട്രേഡ് സെൻ്ററിൽ സംഘടിപ്പിക്കുന്നു. ചെറുകിട കർഷകർ /കർഷക കൂട്ടായ്മകൾ. എഫ്.പി.ഒ-കൾ എന്നിവരുടെ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉൾപ്പെടുത്തി 2025 ഫെബ്രുവരി 21 മുതൽ 23 വരെ മൂന്നു ദിവസങ്ങളിലായി ഒരുക്കിയിട്ടുള്ള എഫ്.പി.ഒ. പ്രദർശനം/മേളയുടെ ഔദ്യോഗിക ഉദ്ഘാടനം 21.02.2025 ന് രാവിലെ 10 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി . പ്രസാദ് നിർവ്വഹിക്കുന്നു. കോഴിക്കോട് എം.പി എം.കെ.രാഘവൻ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ കേന്ദ്ര/കേരള സർക്കാർ പ്രതിനിധികളും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്നു. 10.000 എ.ഫ്.പി.ഒ സ്കീമിന് കീഴിൽ സ്ഥാപിതമായ എ.ഫ്.പി.ഒകളുടെ സുസ്ഥിരതയും ദീർഘകാല പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ മേള. കർഷകർ. അഗ്രി ബിസിനസ് വിദഗ്ധർ, കർഷക സംഘങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ എന്നിവരുടെ ഒത്തു ചേരലിനുള്ള ഒരു വേദി ഒരുക്കുന്നതിന് ഈ മേളയിലൂടെ സാധ്യമാകുന്നു. കൂടാതെ സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ബന്ധം മെച്ചപ്പെടുത്തുന്നതിനും ചെറുകിട കർഷകർ, കർഷകഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (എഫ്.പി.സി) അഗ്രി ബിസിനസ്സ് പ്ലെയേഴ്സ് (എ.ബി.പി) എന്നിവർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന KERA പദ്ധതിയിലെ ഉൽപാദന സഖ്യ സംരംഭം (Productive Alliance Initiative) ഈ മേളയിലൂടെ പരിചയപ്പെടുത്തുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും 2024-25 വർഷത്തെ അംശദായം അടച്ച് അംഗത്വം പുതുക്കണം. മുൻ വർഷങ്ങളിലെ കുടിശ്ശികയുള്ളവരും ക്ഷേമനിധി പാസ്ബുക്ക്, ആധാർ റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുമായി ഫെബ്രുവരി 28നകം ഫിഷറീസ് ഓഫീസുകളിലെത്തണം. പേര്, വിലാസം, ഫോൺ നമ്പർ, രേഖകൾ എന്നിവയിലെ മാറ്റങ്ങൾ ഫിഷറീസ് ഓഫീസറെ അറിയിക്കണം. തുടർച്ചയായി കുടിശ്ശിക വരുത്തിയവരുടെ പേര് 2025-26ലെ പട്ടികയിൽനിന്ന് ഒഴിവാക്കും.

3. ഇന്ത്യയിലെ ഏറ്റവും വലിയ ഹോർട്ടി കൾച്ചറൽ ഫെസ്റ്റിവൽ ആയ NATIONAL HORTICULTURE FAIR 2025 ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ ICAR - BENGULURU ൽ നടക്കുകയാണ്. കാർഷിക മേഖലയിൽ ഇന്ത്യ എത്രത്തോളം സാങ്കേതികമായി വളർന്നു എന്ന് മനസിലാക്കുവാൻ കഴിയുന്ന ഒരു മേളയാണ്. കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും ഈ കാർഷിക മേള ഉപകാരപ്രദമാകും. പൂവിട്ട് കായ്ച്ച് നിൽക്കുന്ന ആയിരക്കണക്കിന് ഫലവർഗ്ഗ ചെടികൾ, വിവിധയിനം പച്ചക്കറികൾ, പൂച്ചെടികൾ, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവ നേരിട്ട് കാണുവാനും, ഓരോ ഇനങ്ങളുടേയും പ്രത്യേകതകൾ അറിയുവാനും കഴിയും. അതോടൊപ്പം INDIAN INSTITUTE OF HORTICULTURAL RESEARCH - ലെ ശാസ്ത്രജ്ഞർ നമുക്ക് കാർഷിക മേഖലയിലെ സാങ്കേദിക വിദ്യകൾ പറഞ്ഞു തരാനും, നമ്മുടെ സംശയങ്ങൾക്ക് മറുപടി തരാനും ഫീൽഡിൽ ഉണ്ടാകും എന്നത് ഈ മേളയുടെ പ്രത്യേകതയാണ്.

4. പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കാൻ അപേക്ഷ ക്ഷണിച്ചു. പച്ചക്കറികൾക്കും

പഴവർഗങ്ങൾക്കും പുറമെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഫാർമേഴ്സ്/ഫാർമർ പ്രൊഡ്യൂസഴ്സ് കമ്പനി, കൃഷിക്കൂട്ടങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങളും ഹോർട്ടിസ്റ്റോറിൽ ലഭിക്കും. സംരംഭകർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിങ്), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം വിലാസത്തിലോ, 9447472678. 6282339434, 9995058240, 9947564104 നമ്പറുകളിലോ ബന്ധപ്പെടാം.

## പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഫെബ്രുവരി 19, 20** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

6. കർഷകർക്ക് കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ സഹായിക്കുന്ന സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന പദ്ധതിയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. 'സ്മാം' പദ്ധതി സംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് കൃഷിവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ വിനിയ വി. എസ്. 2025 ഫെബ്രുവരി 19 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി പറയും. കോൾ സെന്റർ നമ്പർ – 0481 2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദേശം

നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലേങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വഴുതനയിൽ കായ് തുരപ്പൻ, തണ്ടു തുപ്പേൻ എന്നിവയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി കേട് വന്ന തണ്ടുകൾ, കായകൾ എന്നിവ തോട്ടത്തിൽ നിന്നും നീക്കം ചെയ്യുക.ആക്രമണം രൂക്ഷമാവുകയാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് ഇത് നിയന്ത്രിക്കാനായി സ്പൈറോമെസിഫിൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം